സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ എം.ബി.ബി.എസ്. പ്രവേശനം

129 (818) ശ്രീ. എം. എ. ബേബി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരുമായി കരാറുണ്ടാക്കാതെ സ്വന്തം നിലയിൽ എല്ലാ സീറ്റുകളിലും മെഡിക്കൽ പ്രവേശനം നടത്തിയ സ്വാശ്രയ മെഡിക്കൽ കോളേജുകൾ ഏതൊക്കെയാണ് ;

(ബി) ഈ സർക്കാരിന്റെ കാലത്ത്, ഏതെല്ലാം സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ മാനേജ്മെന്റുകൾ സ്വന്തം നിലയിൽ എത്ര സീറ്റുകളിൽ വീതം എം.ബി.ബി.എസ്. പ്രവേശനം നടത്തിയിട്ടുണ്ട് ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ ;

(സി) കരാറിലേർപ്പെടാത്തവർക്ക് നൽകി വന്നിരുന്ന സൗകര്യങ്ങൾ എല്ലാം പിൻവലിക്കുകയുണ്ടായിട്ടുണ്ടോ ; എങ്കിൽ എന്നു മുതൽ ;

(ഡി) കരാറിലേർപ്പെടാത്ത ഏതെല്ലാം മെഡിക്കൽ കോളേജുകളുടെ അഫിലിയേഷൻ ആരോഗ്യ സർവ്വകലാശാല പിൻവലിക്കുകയുണ്ടായി ;

(ഇ) സ്വകാര്യ സ്വാശ്രയ മാനേജ്മെന്റുകൾ കരാറിൽ ഏർപ്പെടാതെ വൻ തുകയ്ക്ക് എം.ബി.ബി.എസ്. സീറ്റുകൾ കച്ചവടം നടത്തുകയായിരുന്നു എന്ന ആക്ഷേപത്തിൽ നിലപാട് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ന്യൂനപക്ഷ പദവിയുള്ള താഴെപ്പറയുന്ന 6 സ്വാശ്രയ കോളേജുകൾ സ്വന്തം നിലയിൽ പ്രവേശനം നടത്തിയിട്ടുണ്ട്.

1. എം.ഇ.എസ്. മെഡിക്കൽ കോളേജ്, പെരിന്തൽമണ്ണ, മലപ്പുറം.
2. ട്രാവൻകൂർ മെഡിക്കൽ കോളേജ്, കൊല്ലം.
3. അസീസിയ മെഡിക്കൽ കോളേജ്, കൊല്ലം.
4. കെ.എം.സി.റ്റി. മെഡിക്കൽ കോളേജ്, കോഴിക്കോട്.
5. കണ്ണൂർ മെഡിക്കൽ കോളേജ്, കണ്ണൂർ
6. കരുണ മെഡിക്കൽ കോളേജ്, പാലക്കാട്

LIBRARY ARCHIVES Kerala Legislative Assembly

(ബി) 1. എം.ഇ.എസ്. മെഡിക്കൽ കോളേജ് - 100 സീറ്റ്

2. ട്രാവൻകൂർ മെഡിക്കൽ കോളേജ് - 100 സീറ്റ്

3. അസീസിയ മെഡിക്കൽ കോളേജ് - 100 സീറ്റ്

4. കെ.എം.സി.റ്റി. മെഡിക്കൽ കോളേജ് - 100 സീറ്റ്

5. കണ്ണൂർ മെഡിക്കൽ കോളേജ് - 150 സീറ്റ്

6. കരുണ മെഡിക്കൽ കോളേജ് - 100 സീറ്റ്

(സി) ഉണ്ട്. 10-3-2015 മുതൽ [10-3-2015-ലെ സ.ഉ.(സാധാ) നമ്പർ 810/2015 ആ.കു.വ. നമ്പർ പ്രകാരം.]

(ഡി) ഒരു കോളേജിന്റെയും അഫിലിയേഷൻ പിൻവലിച്ചിട്ടില്ല.

(ഇ) ദേശീയ ന്യൂനപക്ഷ കമ്മീഷൻ അനുവദിക്കുന്ന ന്യൂനപക്ഷ പദവിയുടെ പിൻബലത്തിൽ സർക്കാരുമായി കരാറിലേർപ്പെടാത്ത 6 കോളേജുകളാണ് സ്വന്തം നിലയ്ക്ക് മുഴുവൻ എം.ബി.ബി.എസ്. സീറ്റുകളിലേക്കും പ്രവേശനം നടത്തിയിട്ടുള്ളത്. ഈ കോളേജുകൾ സുതാര്യമായി അഡ്മിഷൻ പൂർത്തിയാക്കുന്നതിനായി അഡ്മിഷൻ സൂപ്പർവൈസറി കമ്മിറ്റി മുഖേന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

സ്വാശ്രയ മെഡിക്കൽ കോളേജുകളുടെ അംഗീകാരം റദ്ദാക്കൽ

130(819) ഡോ. ടി. എം. തോമസ് ഐസക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴ വാങ്ങി പ്രവേശനം നടത്തുന്ന ന്യൂനപക്ഷപദവിയുള്ള ആറ് സ്വാശ്രയ മെഡിക്കൽ കോളേജുകളുടെ അംഗീകാരം റദ്ദാക്കണമെന്ന് സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ ആവശ്യപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം കോളേജുകളാണെന്നും ആയതിൻമേൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്നും വ്യക്തമാക്കുമോ;

(സി) സർക്കാരുമായി കരാർ വയ്ക്കാതെയും 50% സീറ്റ് നീക്കിവയ്ക്കാതെയും ലക്ഷങ്ങൾ കോഴ വാങ്ങി പ്രവേശനം നടത്തുന്ന ജനാധിപത്യവിരുദ്ധമായ നടപടി ശരിയാണോ;

LIBRARY ARCHIVES Kerala Legislative Assembly